(ബി) ഇല്ലാത്ത പക്ഷം ടെസ്റ്റിങ്ങ് സ്റ്റേഷനുകൾക്ക് അംഗീകാരം നൽകുവാൻ ഉദ്ദേശ്മുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

1999 ഡിസംബർ 31 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങൾ

110 (2823) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഡിസംബർ 31 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം വാഹനങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഹെവി വെഹിക്കിൾസ് എത്ര ; ലൈറ്റ് വെഹിക്കിൾസ് എത്രയെന്ന് അറിയിക്കുമോ ;

(സി) മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടതും കേരളീയരുടെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് സ്ഥിരം ഓടിക്കൊണ്ടിരിക്കുന്നതുമായ വാഹനങ്ങളുടെ കണക്കുകൾ ശേഖരിക്കുവാൻ ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ ആകെ എത്ര വാഹനങ്ങളാണ് ഇത്തരത്തിലുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 18,59,613

(ബി) ഹെവി വെഹിക്കിൾസ് - 1,81,684.
ലൈറ്റ് വെഹിക്കിൾസ് - 16,77,929.

(സി) കണക്കുകൾ ശേഖരിക്കുവാൻ സംവിധാനം നിലവിലില്ല.

മോട്ടോർ വാഹന വകുപ്പിൽ പിരിഞ്ഞു കിട്ടേണ്ട വാഹന നികുതി

111 (2824) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ നാളിതുവരെ പിരിഞ്ഞു കിട്ടേണ്ട വാഹന നികുതി കുടിശ്ശിക എത്ര രൂപയാണ് ;

(ബി) ഈ ഇനത്തിൽ തുക കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രീ. പി. ആർ. കുറുപ്പ് ട്രാൻസ്പോർട്ട് മന്ത്രിയായിരുന്നപ്പോൾ സ്പെഷ്യൽ റൂൾ അമൻമെന്റിന്റെ സാധ്യതകളെക്കുറിച്ച് അന്വേഷിക്കാൻ ട്രാൻസ്പോർട്ട് കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നുവോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-12-1998 വരെ നികുതി കുടിശ്ശികയിനത്തിൽ 200,44,20,541 രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) വകുപ്പുതലത്തിലും സർക്കാർ തലത്തിലും കോടതി മുഖേനയും യഥാക്രമം 12,42,765 ഉം 52,58,007-ഉം 50,26,940-ഉം രൂപാ വീതം ആകെ 1,15,27,712 രൂപയ്ക്ക് സ്റ്റേ ഉത്തരവുകൾ നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനയ്ക്ക് അനുസൃതമായി ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകാത്തത് കുടിശ്ശിക ഉണ്ടാകാൻ കാരണമാകുന്നുണ്ട്. കുടിശ്ശിക വരുത്തുന്ന വാഹന ഉടമകളിൽ നിന്നും നികുതി പിരിച്ചെടുക്കുന്നതിനും മറ്റു ഫീൽഡ് പ്രവർത്തനങ്ങൾക്കുമുള്ള എക്സിക്യൂട്ടീവ് സ്റ്റാഫിന്റെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതും നികുതി പിരിവിന്റെ കാര്യത്തിൽ വീഴ്ച വരാൻ ഇടയായിട്ടുണ്ട്.

(സി-ജി) കേരള ട്രാൻസ്പോർട്ട് മീറ്റേഴ്സ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനായി ഒരു പുതുക്കിയ കരടു നിയമം (റിവൈസ്ഡ് ഡ്രാഫ്റ്റ് റൂൾസ്) സർക്കാരിന് സമർപ്പിക്കാൻ 14-9-1998-ൽ ട്രാൻസ്പോർട്ട് കമ്മീഷണറോട് ആവശ്യപ്പെടുകയുണ്ടായി. മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ പ്രൊമോഷൻ സാധ്യത പരിരക്ഷിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ എന്നീ തസ്തികകൾ സൃഷ്ടിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള കരടു ഭേദഗതിയാണ് ട്രാൻസ്പോർട്ട് കമ്മീഷണർ സമർപ്പിച്ചിരിക്കുന്നത്. സ്പെഷ്യൽ റൂൾ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ വാഹനങ്ങൾ

112 (2825) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ വാഹനങ്ങൾ (1999 ഡിസംബർ 31 വരെ) എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly